**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 59** **23-02-2022 - ൽ മറുപടിയ്ക്ക്**

**ഖാദി-കൈത്തറി മേഖലയിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീമതി സി. കെ. ആശ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഗണിച്ച് കൈത്തറി മേഖലയിലെ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം അനുവദിക്കുന്ന പദ്ധതി നിലവിലില്ല. 2022-23 സാമ്പത്തിക വർഷം മുതൽ പ്രവർത്തന മൂലധനം അനുവദിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും വ്യക്തികളെയും സംഘടനകളെയും പങ്കെടുപ്പിച്ച് സമഗ്രമായ വികസനരേഖ തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | പരിഗണനയിലുണ്ട്. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും വ്യക്തികളെയും സംഘടനകളെയും പങ്കെടുപ്പിച്ച് ടി മേഖലയിൽ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളെ സംബന്ധിച്ച് ഒരു ശിൽപ്പശാല 11.02.2022-ന് എറണാകുളത്ത് വച്ച് നടത്തുകയും ആയതിനെ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (സി) | സംസ്ഥാന സർക്കാരിന്റെ കൈത്തറി പരിപോഷണ പദ്ധതിയുടെ ഭാഗമായി ടെക്സ്റ്റൈൽസ് ഡിസൈനർമാർക്ക് തൊഴിലവസരം ഒരുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാന സർക്കാരിന്റെ കൈത്തറി പരിപോഷണ പദ്ധതിയുടെ ഭാഗമായി ടെക്സ്റ്റൈൽസ് ഡിസൈനർമാർക്ക് തൊഴിലവസരം ഒരുക്കുവാൻ വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിശീലനം, നൈപുണ്യ ശേഷി വികസന പദ്ധതിയുടെ ഭാഗമായി ഹാന്റക്സിലും ഹാൻവീവിലുമായി പ്രൊഫഷണൽ ഡിസൈനർമാരെ നിയമിക്കുന്നതിനായി 10 പ്രൊഫഷണൽ ഡിസൈനർമാരുടെ നിയമനത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ 7 ഡിസൈനർമാരെ കൂടി ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ പ്രൊഫഷണൽ ഡിസൈനർമാരായി നിയമിക്കുകയുണ്ടായി. ഇവരുടെ കരാർ അവസാനിച്ച തിനാൽ പുതിയ ഡിസൈനർമാരെ തെരഞ്ഞെടുത്ത് നിയമിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി) കണ്ണൂർ എന്ന സ്ഥാപനത്തെ |

| | | | |
|---|---|---|---|
| | | | ച്ചമതലപ്പെടുത്തുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ നാഷണൽ ഹാന്റ്ലൂം ഡവലപ്മെന്റ് പ്രോഗ്രാം (എൻ.എച്ച്.ഡി.പി) യുടെ കീഴിലുള്ള ക്ലസ്റ്റർ ഡവലപ്മെന്റ് പ്രോഗ്രാം പദ്ധതി പ്രകാരം അനുമതി ലഭിച്ചിട്ടുള്ള 6 ക്ലസ്റ്ററുകളിൽ 6 ടെക്സ്റ്റൈൽ ഡിസൈനറുമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | അന്താരാഷ്ട്ര വിപണിയിൽ ഖാദിയുടെ മേന്മ പ്രചരിപ്പിച്ച് അതുവഴി കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | അന്താരാഷ്ട്ര വിപണിയിൽ ഖാദിയുടെ മേന്മ പ്രചരിപ്പിക്കുന്നതിന്റെയും ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി ഓൺലൈൻ മാർക്കറ്റിംഗ് പദ്ധതി ആവിഷ്കരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണവും നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ